## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 3498** **20.06.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

**ചോദ്യം**
**ശ്രീ.പി.സി.ജോർജ്**

**ഉത്തരം**
**പിണറായി വിജയൻ**
**ബഹു.മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) എക്സൈസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ - സ്പെഷ്യൽ റിക്രൂട്ട്മെന്റ് (കാറ്റഗറി നമ്പർ 93/2016) പ്രകാരം നിയമനം നടത്താത്തത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ആരൊക്കെ പരാതികൾ നൽകിയിട്ടുണ്ട്; പ്രസ്തുത പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ സ്ഥാനക്കയറ്റം മുഖാന്തരം നികത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) ഭരണഘടനാപരമായി തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിറവേറ്റുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഭരണഘടനാപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട നിയമനം തടസപ്പെടുത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനങ്ങൾക്ക് എതിരായി ബന്ധപ്പെട്ട വകുപ്പിലെ ജീവനക്കാർ കേസുകൾ ഫയൽ ചെയ്ത് നിയമനം വൈകിപ്പിക്കുന്നത് തടയാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;വിശദമാക്കാമോ?

(ഡി) ഇക്കാര്യത്തിൽ യോഗങ്ങൾ നടത്തിയിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമന നടപടിക്കെതിരായ കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ട്.

സെക്ഷൻ ഓഫീസർ